**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക്കിന് ജി.എസ്.ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പന്നമായിരിക്കുമ്പോൾ ഒരിക്കൽ ജി.എസ്.ടി. ചുമത്തിയ പ്ലാസ്റ്റിക്കിന് അവ ഉപയോഗശൂന്യമാകുമ്പോൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന് ഒരു നികുതി എന്ന മാനദണ്ഡത്തിന് അതീതമായി വീണ്ടും നികുതി ഏർപ്പെടുത്തി വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കോവിഡ് സാഹചര്യത്തിൽ ടി പ്ലാസ്റ്റിക്കിന് വർദ്ധിപ്പിച്ച ജി.എസ്.ടി. കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് പുതിയ പ്ലാസ്റ്റിക് ഉത്പന്നം ഉണ്ടാക്കുന്നതിനുള്ള ഇൻപുട്ട് ആയിട്ടാണ് ഉപയോഗിക്കുന്നത്. ആയതിനാൽ ഇൻപുട്ട് ടാക്സ് ചെയിൻ നിലനിർത്തുന്നതിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന് നികുതി ആവശ്യമാണ്. രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ തമ്മിലുള്ള ഇത്തരം കൈമാറ്റങ്ങൾക്ക് വാങ്ങുന്നയാളിന് വില്പനക്കാരന് കൊടുത്ത നികുതി ഇൻപുട്ട് ടാക്സ് ആയി ലഭിക്കും. ജി.എസ്.ടി-യുടെ തുടക്കത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിന് 18% ആയിരുന്നു നികുതി നിരക്ക്. 2017 നവംബറിൽ ഇത് 5% ആയി കുറയ്ക്കുകയുണ്ടായി. എന്നാൽ ഇതുമൂലം പുതിയ പ്ലാസ്റ്റിക് ഉത്പന്നങ്ങളും സ്ക്രാപ്പ് എന്ന രീതിയിൽ കുറഞ്ഞ നികുതി നിരക്കിൽ വ്യാപാരം നടത്തുന്നതായി കാണപ്പെട്ടതിനെ തുടർന്ന് ഫിറ്റ്മെന്റ് കമ്മിറ്റി നിർദേശിച്ചത് പ്രകാരം ആണ് നാല്പത്തിയഞ്ചാമത് ജി.എസ്.ടി കൗൺസിൽ മീറ്റിങ്ങിൽ പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെയും പ്ലാസ്റ്റിക് സ്ക്രാപ്പ്-ന്റെയും നികുതി നിരക്ക് ഏകീകരിച്ച് 18 ശതമാനത്തിലേക്ക് ആക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ